സൊസൈറ്റികൾ രണ്ടോ, മൂന്നോമാത്രമെയുള്ളുവെന്നാണ് തോന്നുന്നത്. ബ്രിട്ടീഷിൽ കോയമ്പത്തൂർ, സേലം മുതലായ സ്ഥലങ്ങളിൽ ലക്ഷോപലക്ഷം രൂപ ഇറക്കി കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്നുണ്ട്. എനിക്ക് അതെല്ലാം കാണുമ്പോൾ വളരെ അത്ഭുതം തോന്നുന്നുണ്ട്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇൻഡസ്ട്രീസ് സൊസൈറ്റികളുമുണ്ട്.

മിസ്റ്റർ ടി. കെ. നായർ: ഡിപ്പാർട്ട്മെണ്ടിനെ കൊണ്ട് ചെയ്യിക്കേണ്ടതൊക്കെ ചെയ്യിക്കാം. അനുദ്യോഗസ്ഥമെമ്പർമാർ ഇതിനു വേണ്ടുന്ന സഹായം ചെയ്യുതരികയാണെങ്കിൽ ഈ ഫ്രഫ്രവ്-ൽ തന്നെ ഒരു മാതൃകയായിട്ട് അഞ്ചാറു സൊസൈറ്റീസ് എങ്കിലും തുടങ്ങുവാൻ സാധിക്കും.

മിസ്റ്റർ ഇബ്രാൽ ഹാജി ഇസ്സാഷേട്ട: ഈ ഡിപ്പാർട്ട്മെണ്ടിന്റെ സഹായം എന്നു പറഞ്ഞത് ഏതു വിധത്തിലുള്ളതാണ്.

മിസ്റ്റർ ടി. കെ. നായർ: ആദ്യമായി അതു റജിസ്റ്റർ ചെയ്യുക. അങ്ങിനെ റജിസ്റ്റർ ചെയ്യുവാൻ ഡിപ്പാർട്ടുമെണ്ടലായിട്ട് യാതൊരു കഷ്ടപ്പാടുമില്ല. അതുതന്നെ ഒരു സഹായമല്ലേ? പിന്നെ ഗവമ്മെണ്ടിൽനിന്ന് പണം ആവശ്യമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം. ഇങ്ങിനെയൊക്കെയുള്ള സഹായമല്ലാതെ പിന്നെ എന്താണ് ചെയ്യുവാൻ സാധിക്കുക?

Mr. E. Ikkanda Warriar *(Cheruthuruthi):* I do not wish to press this motion.

Motion, by leave, withdrawn

The demand of Rs. 25,480 under "4. Co-operative Societies" was put and carried

8. Matches Rs. 2,403

Mr. M. Raman Menon *(Commissioner of Excise):* I rise to move for an allotment of Rs. 2,403 under "8. Matches".

Demand put and carried

7. Excise Rs. 1,37,831

Mr. M. Raman Menon *(Commissioner of Excise):* I rise to move for an allotment of Rs. 1,37,831 under "7. Excise".

CUT MOTION No. 1

For auctioning out neighbouring toddy shops to different contractors

മിസ്റ്റർ കെ. എസ്സ്. പണിക്കർ: *To reduce the allotment of Rs. 14,053 for Commissioner's office Establishment by Re. 1.* (ഒരു താലൂക്കിൽ ഒന്നിനോടു ഒന്നു അടുത്തുകിടക്കുന്ന കള്ളുഷാപ്പുകളും കൂട്ടമായി ഒരാൾക്കു ലേലത്തിൽകൊടുക്കുന്ന സമ്പ്രദായം തീരെ അനാശാസ്യകരമാണെന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ) സർ, ഈ ഷാപ്പുകളും ഓരോന്നായി ലേലംവിളിക്കുന്നതുകൊണ്ടു ഗവമ്മെണ്ടിനു വളരെ ആദായമുണ്ടെന്നതുതന്നെയല്ല; ജനങ്ങൾക്കു വളരെ രക്ഷയുമുണ്ട്. എന്നാൽ മദ്യത്തിൽ വിറ്റാമിൻ "A" മുതൽ "Z" വരെ ഉണ്ടെന്നാണ് പറയുന്നതു്. അതു ശരീരത്തിനു ആരോഗ്യത്തെ ഉണ്ടാക്കുവാൻ ഏറ്റവും ആവശ്യമായിട്ടുള്ള ഒന്നാണ്. എന്നതുതന്നെയല്ല, മനസ്സിനു് ഉന്മേഷമുണ്ടാക്കും, ക്ഷീണിച്ചവരെ ഉത്സാഹമുള്ളവരാക്കും, ബുദ്ധിക്കു് കൂർമ്മതയുണ്ടാക്കും, എന്നുവേണ്ട ഒരു സർവ്വരോഗസംഹാരിയും കൂടിയാണു് മദ്യം. "മദ്യം" എന്നുവെച്ചാൽ "കള്ള്" എന്നാണ് ഞാൻ വിവക്ഷിക്കുന്നതെന്നു് പ്രത്യേകം ഓർമ്മിക്കണം. ഇതു് ലഹരി ഉണ്ടാകാത്തവിധത്തിൽ കഴിക്കണമെന്നു് മാത്രമേയുള്ളു. ലഹരി ഉണ്ടാകുന്നിടത്തോളം ഇതു് കഴിക്കരുതു്. ഇത് ആരോഗ്യത്തിനു് വളരെ വിശേഷപ്പെട്ടതാണെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇതു് കള്ളുഷാപ്പുകളിൽ വിതരണം ചെയ്യുന്നതു് ആരോഗ്യത്തെ ഹനിക്കുന്നവിധത്തിലാണെന്നു് പറയാതെ നിവൃത്തിയില്ല. അതായതു് ഏതെങ്കിലും ഒരു ഷാപ്പിൽ കള്ളു മോശമാണെങ്കിൽ അടുത്ത ഷാപ്പിൽ പോയാൽ നല്ലകള്ളുകിട്ടുമെന്നു വിചാരിച്ചു ആളുകൾ അങ്ങോട്ടുചെല്ലും. എന്നാൽ അടുത്ത ഷാപ്പും ലേലത്തിൽവിളിച്ചിരിക്കുന്നതു ഒരാൾതന്നെ ആയതുകൊണ്ടു് കള്ളിൽ വെള്ളം ചേർത്തു വില്ക്കുന്നസമ്പ്രദായം വന്നാൽ അതുകൊണ്ടു ഗുണമുണ്ടാകുന്നതിനുപകരം വളരെ ദോഷമാണു് ഉണ്ടാവുക. ചക്കരക്കള്ളിനോടുകൂടി പുളിച്ച കള്ളുചേർത്തുകഴിച്ചാൽ അതു ആരോഗ്യത്തെ നശിപ്പിക്കുന്നതാണ്. തന്മൂലം ഡിസൻട്രി മുതലായ സുഖക്കേടുകളുണ്ടാകുമെന്നാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ഡ് ആയുർവ്വേദവൈദ്യന്മാരുടെ അഭിപ്രായം. ഷാപ്പുകൾ അടുത്തടുത്തായി ഒരാൾക്കുതന്നെ കൊടുക്കുന്നതുകൊണ്ടാണ് ഈ വക സമ്പ്രദായം ഉണ്ടാകുന്നത്. ഇങ്ങിനെ കൊടുക്കുന്നതു കാരണം ജനങ്ങൾക്കു ദോഷംവരുന്നതോടൊപ്പംതന്നെ ഗവൺമെണ്ടിനും വളരെ നഷ്ടവുമുണ്ട്. ഈ ഷാപ്പുകൾ ഓരോന്നായി ലേലംവിളിച്ചിരുന്ന അവസരത്തിൽ തുശ്ശീവപേരുള്ള ഷാപ്പുകളുടെ ഇനത്തിൽതന്നെ ഒരു പത്തുകൊല്ലത്തെ കണക്കെടുത്തു പരിശോധിച്ചുനോക്കുന്നതായാൽ ടീ ടാക്സ്വകയിലും മറ്റും ഗവൺമെണ്ടിനു കിട്ടിയിരുന്ന സംഖ്യയേക്കാൾ വളരെകുറവാണു് ഇപ്പോഴത്തെ സമ്പ്രദായപ്രകാരം കിട്ടുന്നതെന്നു് കാണാം. അപ്പോൾ ഗവൺമെണ്ടിന്റെ ആദായത്തെ നശിപ്പിച്ചുകൊണ്ടും, ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിച്ചുകൊണ്ടും ചെയ്തിട്ടുള്ള ഒരു പ്രവൃത്തിയാണു് ഇതെന്നു തോന്നിപ്പോകും. അങ്ങിനെയുള്ള ദോഷം വരാതെയിരിക്കുവാൻവേണ്ടിയാണു് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. എന്നതന്നെയല്ല; വളരെ ഷാപ്പുകൾ ഒന്നിച്ചു ഒരാൾതന്നെ ലേലംവിളിച്ചു് എടുത്താൽ അയാളുടെ കീഴിലുള്ള തൊഴിലാളികളെ മുഴുവനും മർദ്ദിക്കുവാനിടവരികയും, തന്മൂലം വളരെ അസ്വസ്ഥതകൾക്കും, പലവിധത്തിലുള്ള കുഴപ്പങ്ങൾക്കും കാരണമാകുകയും ചെയ്യും. അങ്ങിനെയുള്ള അസ്വാസ്ഥ്യങ്ങൾ നാട്ടിൽ ഉണ്ടാകാതെയിരിക്കുവാനും, ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിക്കാതെ ഇരിക്കുവാനും, ഗവൺമെണ്ടിന്റെ ആദായത്തിൽ കുറവു് വരാതെയിരിക്കുവാനുംവേണ്ടി ഈ കള്ളുഷാപ്പുകൾ ഒന്നിച്ചു് ഒരാൾക്കു് കൊടുക്കരുതെന്നു് ഞാൻ ഗവൺമെണ്ടിനോടു അപേക്ഷിക്കുന്നു. ഇതു് കള്ളിനെസംബന്ധിച്ചുള്ള ഒരു കാഴ്ച്ചമാണെന്നുവിചാരിച്ചു് ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്, കള്ളുകുടിക്കുവാനാണെന്നു് ആരും വിചാരിച്ചുപോകരുതു്. ഇതു് എല്ലാവർക്കും നല്ലവണ്ണം അറിയാവുന്ന ഒരു സംഗതിയാണു്. എല്ലാവരും ഒരുപോലെ എന്നോടു് അനുകൂലിച്ചുനില്ക്കുമെന്നും, ഗവൺമെണ്ടു് ഈ തത്വത്തെ സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ നിയമസഭയുടെ അംഗീകരണത്തിനായി ഈ ഖണ്ഡനോപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*Mr. K. R. Viswambharan *(Ezhuvas-Talappalli)*: Sir, I have much pleasure to support the motion before this House, I do not think that it is necessary to support this proposition that I must extol the qualities of liquor. This is a business proposition and from some of the facts which my learned friend stated before the Council, if they are true, I think that the Government is encouraging a very unwholesome practice. The Hon'ble Member for Mukundapuram Ezhuvas told that the rates in the case of some toddy shops in Trichur and other taluks clubbed together, now entrusted to a single contractor show a higher amount than those prevailing in previous years and the tree-tax in respect of those shops have fallen considerably. If that statement of fact goes unchallenged, I submit that even in the interests of Government revenue that practice should discontinue. There is another matter which I beg to point out to this House and that is by clubbing together these shops and entrusting them to one contractor there is always this danger that the small contractor has to go out of the fields and this becomes the monopoly of a few capitalists who are in a position to invest lakhs and lakhs of rupees. As I belong to a community which has some monopoly of this trade, Sir, I think that I can speak with some authority in this matter, for I know that this trade was completely in the hands of the poor people at one time and due to the encouragement so to say by the Government I submit that they are now completely out of the field and the whole trade is now under a few capitalists. If this tendency is allowed to go on by the Government I submit that a time will come when they will compel the Government to entrust these shops for lesser amount when they find that the small toddy shop contractors are wiped out of the field. So in the interest of Government revenue and in the interest of the small contractors who are helping Government and who are carrying on this trade to the satisfaction of the Government, I submit that the principle laid down in the cut motion has to be accepted. There is always another danger in this matter. We hear that the labour movement is mustering strength in every nook and corner of the State. We have heard much about the labour strike at Antikad and its consequences and I think that in all parts of the State the labourers are organizing themselves and if it happens then the whole business is with one or two big contractors. It may happen that these people will terrorise them and these people will not be able to control the labour because there is no personal element between the employer and the employees. So to set at rest the labour unrest in this particular business, I submit again that this is an unwholesome practice of the Excise Department to entrust these toddy shops in large numbers to a single contractor and I submit that it is time to try a halt to this practice.

Mr. C. R. Iyyunni *(Trichur-South)*: On a point of information, may I know, Sir, whether

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

separate shops are being auctioned or a number of shops are being auctioned together?

Mr. M. Raman Menon *(Commissioner of Excise)*: Every shop is being auctioned independently.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: Then there is again a tender called for.

Mr. M. Raman Menon *(Commissioner of Excise)*: The tender is not to call for applicants?

ബഹുമാനപ്പെട്ട മകനദുപുരം മെമ്പർ അവർകൾപറഞ്ഞമാതിരി സെയിൽസ് നടത്തുന്നില്ല, ഒരുകാലത്തും നടന്നിട്ടില്ല. എന്നാൽ ഓരോ ഷാപ്പും ഇൻഡിപ്പെൻഡണ്ട് ആയിട്ടെ വിളിക്കുകപതിവുള്ള. ആദ്യമായിട്ട ഓരോഷാപ്പും വിളിച്ചശേഷം ചിലഘട്ടങ്ങളിൽ മറെ ചില ഷാപ്പുകൾ വിളിക്കുവാൻ ആളില്ലാതെവരും. അങ്ങിനെവരുമ്പോൾ അഞ്ചോ, എട്ടോ, പത്തോ ഷാപ്പുകൾ മന്നിച്ച് ഒരാൾ എടുത്തുകൊള്ളാമെന്ന് പറഞ്ഞാൽ അതുകൊണ്ടുകയില്ലെന്നു ഗവമ്മെണ്ടിനുപറയുവാൻ നവ്വത്തിയില്ല. പിന്നെ രണ്ടാമതു ഒരു ഘട്ടംവരും. ഓരോപ്രദേശത്തുള്ള ആളുകൾ എല്ലാംകൂടി യോജിക്കും. അതു എന്തിനാണെന്നുവെച്ചാൽ ലേലസംഖ്യ കുറച്ചുകിട്ടുവാൻവേണ്ടിയാണു്. അങ്ങിനെവരുന്ന സന്ദർഭങ്ങളിൽ ലേലംവിളിക്കുവാൻ പ്രാപ്തന്മാരായവരും, കൊള്ളാവുന്നവരുമായ ആളുകൾവന്ന ലേലംവിളിച്ചുകഴിഞ്ഞാൽ അവക്കു് ഏല്പിച്ചുകൊടുക്കാതെയും നിവൃത്തിയില്ല. മൂന്നാമതു ഒരു ഘട്ടം ഉണ്ടു്. അതെന്താണെന്നുവെച്ചാൽ ചിലദിക്കുകളിൽ ലേലസംഖ്യ കൂടുതലുള്ള വലിയഷാപ്പുകളുണ്ടാകും. അവയ്ക്കുടത്തു് ലേലസംഖ്യ കുറവുള്ള ചില ചില്ലറഷാപ്പുകൾ ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി അവിടവിടെയായിവെച്ചിട്ടുണ്ടാവും. അപ്പോൾ ചിലരുടെ വൃത്തം എന്താണെന്നുവെച്ചാൽ ഈ കുറഞ്ഞസംഖ്യക്കുള്ള ഷാപ്പുകൾമാത്രമേ വിളിക്കുകയുള്ള. വലിയ സംഖ്യവേണ്ടിവരുന്ന ഷാപ്പുകൾ വിളിക്കുകയില്ല. അതിനു അധികം സംഖ്യവേണ്ടിവരുന്നതുകൊണ്ടാണു് അങ്ങിനെ വിളിക്കാത്തതു്. എന്നാൽ ഈ ചില്ലറഷാപ്പ കൈക്കലാക്കിയിട്ടുള്ള ആൾക്കു മറെറ ആളെ തോല്പിക്കണമെന്നാണു് വിചാരം. അതിനു് ഗവമ്മെണ്ടു് സമ്മതിക്കുകയില്ല. അങ്ങിനെയുള്ളഘട്ടങ്ങളിൽ ഈ ചെറിയ ഷാപ്പുകൾ വലിയ ഷാപ്പ എടുത്തിട്ടുള്ളവക്കുകൊടുക്കും അല്ലാതെ ഷാപ്പുകൾ ഒന്നിച്ചു് ഒരാൾക്കുതന്നെ കൊടുക്കണമെന്നു് ഗവമ്മെണ്ടിനു് യാതൊരു ഉദ്ദേശവുമില്ല. ഗവമ്മെണ്ടു് ലേലംവിളിക്കുന്നതു് ഒറെറക്കാണു്.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: So, is it the contention of the Excise Commissioner that shops are not clubbed together and auctioned as such?

Mr. M. Raman Menon *(Commissioner of Excise)*: No. Most emphatic no.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: Because in the field of labour also you give no room for competition. I suppose if there are so many contractors then they can be employed. If he is not employed under one person, then he will get employment with the other. Now, that is not possible, because there is one employer alone.

മിസ്റ്റർ എം. രാമൻമേനോൻ: ലേലം വിളിക്കുമ്പോൾ ശരിയായിട്ടുള്ള സംഖ്യക്കു എടുക്കുവാൻ തയ്യാറായിരിക്കണം. അല്ലാതെ ഗവമ്മെണ്ടിനു നിവൃത്തിയില്ല. ചിലപ്പോൾ അങ്ങിനെയുള്ള ഘട്ടങ്ങളിൽ മാത്രമെ ഷാപ്പുകൾ ഒന്നിച്ചു കൊടുക്കാറുള്ള. പിന്നെ അന്തിക്കാടു് ലേബർ സ്കൈക്കു ഉണ്ടായിയെന്നു പറഞ്ഞു. എന്നാൽ അതും ഇതുമായിട്ടു യാതൊരു ബന്ധവുമില്ല. ലേബർസ്കൈക്കു ഉണ്ടാക്കിയതു ടാപ്പേഴ്സാണു്. ഇവിടെ പറയുന്നതു കള്ളുഷാപ്പിന്റെ കാര്യമാണു്.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: I may point out for the information of the Hon'ble Excise Commissioner that to a question put by my friend Mr. V. K. Krishnankutty, who was in this Council, it has been clearly stated that the tree tax has gone down and there is no proportionate increase in the amount as license fees of these shops.

മിസ്റ്റർ എം. രാമൻമേനോൻ: തൃശ്ശിവപേരൂർ ഒരു വലിയ കൺട്രാക്ടരുടെ കാര്യം പറഞ്ഞു. എന്റെ അറിവു് അന്തിക്കാട്ടുള്ള അധികം ടാപ്പേഴ്സിനും ഇയാളാണു് അധികം വിലകൊടുക്കുന്നതു് എന്നാണു്. ടാപ്പേഴ്സിനു ആവശ്യമുള്ള വൃക്ഷങ്ങൾ അവർതന്നെ തിരഞ്ഞെടുക്കും. എന്നിട്ടു കൺട്രാക്ടക്കു് കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള കള്ളുകൌടുത്തു കൂലി കണക്കുപറഞ്ഞു വാങ്ങിക്കുന്നതു അവർതന്നെയാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഒന്നിനു പറഞ്ഞ മറുപടി ശരിയാണെന്നു തോന്നുന്നില്ല. ലേലസംഖ്യയും ട്രീ ടാക്സുംകൂടി ഇപ്പോൾ കിട്ടുന്നതു കഴിഞ്ഞകൊല്ലത്തെ ലേലസംഖ്യയേക്കാൾ കൂടുതലാണോ കുറവാണോ എന്നു പറഞ്ഞാൽ തരക്കേടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. രാമൻമേനോൻ: എന്റെ അറിവു് കുറവു് അല്ലെന്നാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ബഹുമാനപ്പെട്ട മകുന്ദപുരം മെമ്പർ പറഞ്ഞമാതിരി ടീ ടാക്സു് ഇനത്തിലും മറ്റും ഇപ്പോൾ ലേലംവിളിച്ചുകൊടുത്തിട്ടുള്ളതിനേക്കാൾ കൂടുതലായി മുൻകാലങ്ങളിൽ കിട്ടീട്ടുണ്ടോ?

മിസ്റ്റർ എം. രാമൻമേനോൻ: അതൊക്കെ ആലോചിക്കുവാനും, നോക്കുവാനും ഗവ മെണ്ടിനു എങ്ങിനെ സാധിക്കും? ലേലംവിളിക്കുന്ന സന്ദർഭങ്ങളിൽ കൂടുതൽ സംഖ്യക്കു വ ളിക്കുന്നവക്കു ഏല്പിച്ചുകൊടുക്കും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൂടുതൽ സംഖ്യക്കു വിളിക്കുന്നവക്കു ഏല്പിച്ചുകൊടുക്കുമെ ന്നു പറഞ്ഞാൽ ടീ ടാക്സുവകയിൽ മുമ്പു് കിട്ടിയിരുന്ന സംഖ്യയേക്കാൾ കുറവാണു് ഇ പ്പോൾ കിട്ടുന്നതെന്നുവരികിൽ അതു് തീച്ചയായിട്ടും ഗവമ്മെണ്ടിനു നഷ്ടമല്ലേ? അങ്ങിനെ നഷ്ടംവരാൻ പാടില്ലെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ എം. രാമൻമേനോൻ: ടീ ടാക്സു് കാര്യത്തിൽ ഇപ്പോൾ ഇവിടെ പറയു ന്നമാതിരിയൊന്നുമില്ല. നിയമമനുസരിച്ചു അവരവർ കൊടുക്കേണ്ട സംഖ്യ കൊടുക്കണം. അതല്ലെങ്കിൽ ഷാപ്പിൽ കള്ളു് കുറവുണ്ടാകും.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്: ലേലം വിളിക്കുന്ന ആളുകൾ ഒത്തുകൂടാതെ യാണോ ഇതു് എടുക്കുന്നതു്?

മിസ്റ്റർ എം. രാമൻമേനോൻ: അങ്ങിനെയാണെങ്കിൽ അതു് കൊടുക്കുന്നവരാണു് അ തിന്റെ ചുമതലക്കാർ. അങ്ങിനെ സഹകാര്യമായിട്ടല്ല കൊടുക്കുന്നതു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്: ഇതു് ലേലം വിളിച്ചുതന്നെയാണോ കൊടുക്കാറു ള്ളതു്?

മിസ്റ്റർ എം. രാമൻമേനോൻ: അതെ. അല്ലാതെ പിന്നെ എങ്ങിനെയാണു് കൊടു ക്കുക?

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണർ അവർകളും പറഞ്ഞ മറുപടികളും ഒട്ടും തൃപ്തികരമല്ല. ഞങ്ങളും ഇവിടെ പറഞ്ഞിട്ടുള്ള സംഗതികളും അ ടിസ്ഥാനരഹിതമാണെന്നു പറയുവാനിടവന്നതു അദ്ദേഹത്തിനു ഈ കാര്യത്തിൽ വേണ്ടത്ര ശ ദ്ധചെലുത്തി പഠിക്കുവാൻ ഇടവന്നിട്ടില്ലെന്നുള്ളതുകൊണ്ടാണു്. ഷാപ്പുകളും ഓരോന്നായി ട്ടാണു് വിളിക്കുന്നതെന്നു പറഞ്ഞതു് വാസ്തവമാണു്. പക്ഷെ, വലിയ ഷാപ്പുകളും വിളിച്ചു കഴിഞ്ഞതിനുശേഷം രണ്ടായിരം ഉറുപ്പികയുടേയോ, മൂവ്വായിരം ഉറുപ്പികയുടേയോ ചെറിയ ഷാപ്പുകളുംകൂടി അയാൾ വിളിക്കും, അതു് ഒരാൾക്കുതന്നെ കൊടുക്കുവാൻ സമ്മതിക്കും അ തേ ഉണ്ടായിട്ടുള്ളൂ.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട്: കൊടുക്കണമെന്നല്ലേ പറഞ്ഞുള്ളൂ.

Mr. M. Raman Menon *(Commissioner of Excise)*: It is not at the time of the sale. There was an offer by somebody.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ടെണ്ടർ എടുത്തിരിക്കുന്ന ആൾ ലേലം വിളിച്ച സമയത്തുണ്ടായിരുന്നില്ലേ?

മിസ്റ്റർ എം. രാമൻമേനോൻ: ഞാൻ കണ്ടിട്ടില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: On a point of information. സാധാരണയായിട്ടു് ലേലം വിളിക്കുന്ന സമയത്തു് ആ ലേലത്തിൽ പങ്കുകൊണ്ടിട്ടുള്ള ആൾ പിന്നെ ടെണ്ടർ ത നാൽ അതു് സ്വീകരിക്കുവാൻ പാടില്ലെന്നാണു് പഴയ നിയമം. അതിനു വിപരീതമാ യിട്ടാണു് ഇപ്പോൾ നടന്നിട്ടുള്ളതു്. ആയിരമോ, ആയിരത്തി അഞ്ഞൂറോ, രണ്ടായിരമോ ഉറു പ്പിക ഗവമ്മെണ്ടിനു കിട്ടുന്നുവെന്നുള്ളതുമാത്രമേ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളൂ. അതുപോലെതന്നെ ടിടാക്സിന്റെ കാര്യത്തിൽ കൂടുതൽ പണം കിട്ടുമെന്നുള്ളതു ഗവമ്മെ ണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

മിസ്റ്റർ എം. രാമൻമേനോൻ: For the information of the House I will make one statement: ടെണ്ടർ കൊടുക്കുന്നതുകൊണ്ടു്, കൂടുതൽ സംഖ്യ കിട്ടുവാൻ നിവൃത്തിയുണ്ടെങ്കിൽ അ ങ്ങിനെ കൊടുക്കുവാനും വിരോധമില്ല. സാധാരണ ഇതിൽ ടെണ്ടർ എക്സപ്റ്റു് ചെയ്യാറില്ല. So there also, there was some sort of auction.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഷാപ്പുകൾ ഗവമ്മെണ്ടിൽനിന്നു് എടുത്തുകൊടുക്കുക യാണുണ്ടായിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. രാമൻമേനോൻ : അതു് ഉണ്ടായിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അങ്ങിനെ ചെയ്തിട്ടില്ലെന്നാണോ പറയുന്നതു്?

Mr. M. Raman Menon *(Commissioner of Excise)*: The shops are still in the hands of the persons who originally bid the shops. They were never taken away from their hands and entrusted to anybody else.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മമ്പു് മുകന്ദപുരം താലൂക്കിൽ ഇതുപോലെതന്നെ കുറെ ഷാപ്പുകൾ ഏല്പിച്ചുകൊടുക്കുകയുണ്ടായിട്ടുണ്ടു്. ആ അവസരത്തിൽ ഗവണ്മെണ്ടിനു് അതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാവുകയും, ഇനി മേലാൽ അതുപോലെ ചെയ്യുകയില്ലെന്നു പറഞ്ഞിട്ടുള്ളതുമാണു്. അതിനുശേഷം ഇപ്പോഴാണു് തൃശ്ശിവപേരൂർ താലൂക്കിൽ കുറെ അധികം ഷാപ്പുകൾ ഒരാളുടെ കയ്യിൽ ചെന്നുപെട്ടിരിക്കുന്നതു്. തൃശ്ശിവപേരൂർ പട്ടണത്തിൽതന്നെ നാലഞ്ചു ഷാപ്പുകളുണ്ടു്. ആ ഷാപ്പുകളിൽനിന്നു് ൧൯൦൯-ലും ൧൯൧൦-ലും ലക്ഷത്തിൽ ചിലപ്പോൾ രൂപ ഗവണ്മെണ്ടിനു കിട്ടിയിരുന്നു. അന്നു ഓരോ ഷാപ്പും പ്രത്യേകം പ്രത്യേകമാണു് വിളിച്ചുകൊടുത്തിരുന്നതു്. അന്നു് ട്രീടാക്സ്സു് ഇനത്തിൽ ഗവണ്മെണ്ടിനു് കിട്ടിയിരുന്നതിൽ പകുതി സംഖ്യ ഇപ്പോൾ കിട്ടുന്നില്ല. ഇപ്പോൾ ചക്കരക്കള്ളിനാണു് അധികം ചെത്തുന്നതു്. അതുകൊണ്ടു് ഷാപ്പുകളിൽ നല്ല കള്ളു് കിട്ടാതായിട്ടുണ്ടെന്നുള്ളതു് പറയാതെ തരമില്ല. ചക്കരചെത്തിനെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. എന്നാൽ അതു് ഈ പുളിംകള്ളിൽ ചേർത്തു വില്പന നടത്തുന്നതിനെ തടഞ്ഞില്ലെങ്കിൽ അതുകൊണ്ടു് പലേ ദോഷങ്ങളും മനുഷ്യർക്കു സംഭവിക്കുവാനിടയുണ്ടു്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ : അങ്ങിനെയാണെങ്കിൽ ഈ ഏല്പാട്ടതന്നെ നിർത്തണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : നിർത്തിക്കഴിഞ്ഞാൽ ഈ ദരിദ്രകാലത്തു് ജനങ്ങൾ മുഴുവൻ ചത്തുപോകും. രണ്ടോ, മൂന്നോ അണ കിട്ടുന്ന സാധുക്കൾ അവരുടെ ആരോഗ്യത്തെ നിലനിർത്തിക്കൊണ്ടുവരുന്നതു് ഈ കള്ളു കഴിച്ചിട്ടാണു്. അതു വിശേഷമുള്ള ഒരു സാധനമാണിതു്.

ഞാൻ ൧൯ കൊല്ലത്തെ ട്രീടാക്സ്സു് വകയിൽ ഗവണ്മെണ്ടിനു് എന്തു കിട്ടീട്ടുണ്ടെന്നു അറിയുന്നതിനു് ചില ചോദ്യങ്ങൾ കഴിഞ്ഞ ബഡ്ജറ്റ് സെഷനുശേഷം അയക്കുകയുണ്ടായി. അതിനു ഈ മീനം സെഷൻവരെ മപടി കിട്ടീട്ടില്ല. ഞാൻ അയക്കുന്ന ഇതുപോലെയുള്ള ചോദ്യങ്ങൾ ലാസ്സായിപ്പോകാറാണു പതിവു്. ഈമാതിരിയുള്ള ചോദ്യങ്ങൾ അയക്കുന്നതു് ശരിയായിട്ടുള്ള ഇൻഫർമേഷൻ കിട്ടുന്നതിനുവേണ്ടിയാണു്. ഗവണ്മെണ്ടു് അതിനു മറുപടി തന്നില്ലെങ്കിലും പണിക്കരുടെ പ്രശ്നത്തിൽ കിട്ടാതിരിക്കയില്ല. ഗവണ്മെണ്ടു കുറെ കൊല്ലത്തെ കണക്കു് എടുത്തു നോക്കുക. എത്ര ഷാപ്പുകളാണു് ലേലക്കാരനു് മുന്നായിട്ടു കൊടുത്തിട്ടുള്ളതെന്നും, ഒറ്റയൊറ്റയായി കൊടുത്തിട്ടുള്ളതെന്നും, ഷാപ്പുകൾ മുന്നിച്ചു കൊടുത്തിട്ടു കിട്ടീട്ടുള്ള തുക എത്രയാണെന്നും, ഒറ്റയൊറ്റയായി കൊടുത്തിട്ടുള്ളപ്പോൾ കിട്ടീട്ടുള്ള തുക എത്രയാണെന്നും ഉള്ള ഒരു കണക്കെടുത്തു നോക്കിയാൽ ഇപ്പോഴത്തെ ഏല്പാടു വളരെ നഷ്ടമാണെന്നു് അറിയുവാൻ കഴിയും എന്നതന്നെയല്ല, ഈ ഏല്പാടുകൊണ്ടു് നല്ലസാധനങ്ങൾ കിട്ടാതെയായിത്തീർന്നിട്ടുണ്ടു്. പുളിംകള്ളും ചക്കരക്കള്ളും കലർത്തു വില്ക്കുന്നതുകൊണ്ടു് ജനങ്ങളിൽ ആരോഗ്യത്തിനു പകരം അനാരോഗ്യത്തെയാണു് വർദ്ധിപ്പിക്കുന്നതു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസ്സാ സേട്ട : ഈ ഏല്പാടുകൊണ്ടു നഷ്ടമാണെന്നു പറഞ്ഞുവല്ലോ. എത്രയാണു് ആ നഷ്ടം?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എന്റെ കയ്യിൽ കണക്കുണ്ടായിരുന്നുവെങ്കിൽ ഞാൻ പറയുമായിരുന്നു.

മിസ്റ്റർ എം. രാമൻമേനോൻ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് സർക്കാർ നികുതി കൂടിവരുന്നുവെന്നൊ കുറഞ്ഞുവരുന്നുവെന്നൊ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എന്റെ കയ്യിൽ കണക്കുണ്ടായിരുന്നുവെങ്കിൽ കൃത്യമായി പറയാമായിരുന്നു. ഏതായാലും സർക്കാർ നികുതി ഇതിലും കൂടുമായിരുന്നു.

ഇനിയെങ്കിലും ഈവക സംഗതികളിൽ ഒരു പ്രത്യേകം മനസ്സുവെക്കണമെന്നും, ൧൯ കൊല്ലത്തെ കണക്കെടുത്തു പരിശോധിച്ചു താരതമ്യവിവേചനം ചെയ്തു ഇനിയത്തെ എന്റെ ചോദ്യത്തിനു മറുപടിയായിട്ടു തരണമെന്നും അപേക്ഷിച്ചുകൊണ്ടു് ഞാൻ ഇതു പ്രസ്താവിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. രാമൻമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് കിട്ടിയവിലക്കു് കൊടുക്കണമെന്നാണോ? കിട്ടിയവിലക്കു കൊടുക്കുകയാണെങ്കിൽ വളരെ സുഖമായി.

Panel Chairman: He is not quite sure.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു ലേലക്കാരന്റെ കയ്യിൽ എത്ര ഷാപ്പുണ്ടെന്നും അതു് എങ്ങിനെവന്നവെന്നും പറഞ്ഞാൽ മതി.

Panel Chairman: What the Hon'ble Member said is that every shop is separately auctioned.

Mr. K. S. Panicker *(Ezhuvas-Mukundapuram)*: I want to know only this thing.

Panel Chairman: It has been sufficiently explained that shops are sold only separately. When shops are not taken separately it so happens that somebody who has taken one shop may take other shops also. In the first instance the shops are sold separately.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: In the course of the reply of the Excise Commissioner, it was stated that in some cases after the auction is conducted and it is found that it has not fetched the sufficiently high standard, they used to call for tenders, or to approach people and receive tenders.

Mr. M. Raman Menon *(Commissioner of Excise)*: I never said that we call for tenders.

Mr. K. R. Viswambharan *(Ezhuvas-Talappalli)*: Then, am I to take it that in the past 3 years those shops were auctioned and entrusted to those people who bid them at the auction?

Mr. M. Raman Menon *(Commissioner of Excise)*: I can assure the House that no tender was accepted.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബഹുമാനപ്പെട്ട എക്സൈസ്സ് കമ്മീഷണർ അവർകളും പറഞ്ഞു കുറെ ഷാപ്പുകളും ഒറ്റക്കു് ലേലംവിളിച്ചുവെന്നും, കുറെ ഷാപ്പുകളും ലേലം വിളിച്ചില്ലായെന്നും.

പാനൽചെയർമാൻ: അങ്ങിനെയല്ല പറഞ്ഞതു്. ഷാപ്പുകളും ലേലംവിളിക്കുവാൻ വരുന്ന ആളുകളും വലിയ ഷാപ്പുകളും വിളിക്കാതെ ചെറിയ ഷാപ്പുകളാണു് അധികം വിളിക്കുന്നതെന്നാണു് പറഞ്ഞതു്. ചെറിയ ഷാപ്പുകൾമാത്രം ലേലം വിളിക്കുന്നതായാൽ വലിയ ഷാപ്പുകളും വിളിക്കുന്ന ആൾക്കു് നഷ്ടം വരും.

Mr. M. Raman Menon *(Commissioner of Excise)*: There is also this contingency. Suppose all the shops are auctioned one man can at the time of the auction bid for any number of shops. There is no objection. Anybody can do that.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിന്റെ പരമാർത്ഥം ഞാൻ ഇവിടെ പറഞ്ഞതാണു്. പക്ഷെ എക്സൈസ്സ് കമ്മീഷണർ പറയുന്നതു വിശ്വസിക്കാതെ കഴിയുമോ? ഞാൻ ചത്തുവെന്നു് ചീഫ് മെഡിക്കൽ ആഫീസ്സർ സർട്ടിഫൈചെയ്താൽ വാസ്തവത്തിൽ ഞാൻ ചത്തിട്ടില്ലെങ്കിലും ചത്തുവെന്നു് വിശ്വസിക്കാതെ കഴിയുകയില്ല. അതുപോലെ ബഹുമാനപ്പെട്ട എക്സൈസ്സ് മെമ്പർ ഇങ്ങിനെ പറയുന്നതുകൊണ്ടു് അതു വിശ്വസിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു് മേലാൽ ഇന്ദ്രജാലവും, മഹേന്ദ്രജാലവുമൊക്കെ വരാതെയിരിക്കുവാനായി എക്സൈസ്സ് കമ്മീഷണർ അവർകളും ശ്രദ്ധിക്കണമെന്നും, ഞാൻ പറഞ്ഞ സംഗതികളൊക്കെ മനസ്സിലാക്കി അതിൽ ദൃഷ്ടിവെക്കണമെന്നും അപേക്ഷിച്ചുകൊണ്ടു് ഈ നിയമസഭയുടെ അനുവാദത്തോടുകൂടി ഞാൻ ഇതു പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 2

For giving free permission for Sweet toddy tapping

***Mr. B. M. Peter** *(Latin-Christians-Mattancheri): To reduce the allotment of Rs. 14,053 for the Excise Commissioner's Office Establishment by Re. 1* (ചക്കരക്കള്ളു ചെത്തുവാൻ ഉദ്ദേശിക്കുന്നവർ വൃക്ഷങ്ങളുടെ എണ്ണം കാണിച്ചു ഒരു മാസത്തേക്കു മുമ്പായി എക്സൈസ്സ് കമ്മീഷണർ അവർകൾക്കു അറിവുകൊടുക്കുന്നതായാൽ യാതൊരു തടസ്സവും പറയാതെ ആയതു അനുവദിക്കേണ്ടതാണെന്ന ബഹുമാനപ്പെട്ട ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ). സർ, എന്റെ ഈ ഉപക്ഷേപത്തിൽ പറയുന്ന സംഗതികളുടെ തത്വം ഗവണ്മെണ്ടു് ഇതിനുമുമ്പു് സ്വീകരിച്ചിട്ടുള്ള ഒന്നാണു്. ഇവിടെ ചക്കരക്കള്ളു വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചക്കരക്കള്ളു ചെത്തുന്നവർക്കു സൌജന്യമായി ലൈസൻസ്സു അനുവദിച്ചു കൊടുക്കണമെന്നുള്ളതു് ഗവണ്മെണ്ടു് തീരുമാനപ്പെടുത്തികഴിഞ്ഞു. പക്ഷെ ഇങ്ങിനെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly